**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 993** **14-01-2021 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം നിയോജക മണ്ഡലത്തിലെ ജലജീവന്‍ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി .ടി .എ . റഹീം | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുന്ദമംഗലം നിയോജക മണ്ഡലത്തില്‍ ജലജീവന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രവൃത്തികള്‍ക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | കുന്ദമംഗലം നിയോജക മണ്ഡലത്തില്‍ ജലജീവന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും നല്‍കിയ തുകയുടെ വിശദാംശം ചുവടെ ചേര്‍ക്കുന്നു. പഞ്ചായത്ത് - ഭരണാനുമതി തുക (ലക്ഷത്തില്‍) ചാത്തമംഗലം - 241.70 കുന്ദമംഗലം - 3082.64 മാവൂര്‍ - 145.57 പെരുമണ്ണ - 1431.00 പെരുവയല്‍ - 2892.00 |
| (ബി) | ഓരോ ഗ്രാമപഞ്ചായത്തിലും എത്ര കണക്ഷനുകള്‍ വീതം നല്‍കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | പഞ്ചായത്ത് - ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം ചാത്തമംഗലം - 752 കുന്ദമംഗലം - 8504 മാവൂര്‍ - 500 പെരുമണ്ണ - 7668 പെരുവയല്‍ - 10456 മേല്‍ പരാമര്‍ശിച്ച എല്ലാ പ്രവര്‍ത്തികളും ടെണ്ടര്‍ ചെയ്തിട്ടുണ്ട്. ജലജീവന്‍ പദ്ധതിയില്‍ ഉള്‍പ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും ഇതുവരെ (11.01.2021) നല്‍കിയ കണക്ഷനുകളുടെ എണ്ണം ചുവടെചേര്‍ക്കുന്നു ചാത്തമംഗലം പഞ്ചായത്തില്‍ ഇതുവരെ 101 പുതിയ കണക്ഷനുകള്‍ നല്‍കി. ബാക്കി പ്രവൃത്തികളുടെ ടെണ്ടര്‍ നടപടികള്‍ പുരോഗമിച്ചു വരുന്നു. മാവൂര്‍ പഞ്ചായത്തിലെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. നിലവില്‍ 360 കണക്ഷനുകള്‍ നല്‍കി. മാര്‍ച്ച് മാസത്തോടു കൂടി ഈ പ്രവൃത്തി പൂര്‍ത്തീകരിക്കുന്നതാണ്. കുന്ദമംഗലം പഞ്ചായത്തില്‍ നിലവില്‍ 629 കണക്ഷനുകള്‍ നല്‍കി. മാര്‍ച്ച് മാസത്തോടു കൂടി ബാക്കി പ്രവൃത്തികള്‍ പൂര്‍ത്തീകരിക്കുന്നതാണ്. പെരുവയല്‍ പഞ്ചായത്തില്‍ പ്രവൃത്തി ടെന്‍ഡര്‍ ചെയ്തു. പെരുമണ്ണ പഞ്ചായത്തിലെ പ്രവൃത്തിക്ക് 01/01/2021നു വര്‍ക്ക് ഓര്‍ഡര്‍ കൊടുത്തു പൂര്‍ത്തീകരണ കാലാവധി 6 മാസമാണ്. |
| (സി) | ഏതെല്ലാം പ്രവൃത്തികളാണ് ടെണ്ടര്‍ ചെയ്ത് കരാറുകാരനെ ഏല്‍പ്പിച്ചിട്ടുള്ളതെന്നും ഇവ ഓരോന്നും എപ്പോള്‍ പൂര്‍ത്തീകരിക്കാന്‍ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | പഞ്ചായത്ത് - ഭരണാനുമതി ലഭിച്ച കണക്ഷനുകളുടെ എണ്ണം ചാത്തമംഗലം - 752 കുന്ദമംഗലം - 8504 മാവൂര്‍ - 500 പെരുമണ്ണ - 7668 പെരുവയല്‍ - 10456 മേല്‍ പരാമര്‍ശിച്ച എല്ലാ പ്രവര്‍ത്തികളും ടെണ്ടര്‍ |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്. ജലജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ഗ്രാമപഞ്ചായത്തിലും ഇതുവരെ (11.01.2021) നൽകിയ കണക്ഷനുകളുടെ എണ്ണം ചുവടെചേർക്കുന്നു ചാത്തമംഗലം പഞ്ചായത്തിൽ ഇതുവരെ 101 പുതിയ കണക്ഷനുകൾ നൽകി. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. മാവൂർ പഞ്ചായത്തിലെ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. നിലവിൽ 360 കണക്ഷനുകൾ നൽകി. മാർച്ച് മാസത്തോടു കൂടി ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. കുന്ദമംഗലം പഞ്ചായത്തിൽ നിലവിൽ 629 കണക്ഷനുകൾ നൽകി. മാർച്ച് മാസത്തോടു കൂടി ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. പെരുവയൽ പഞ്ചായത്തിൽ പ്രവൃത്തി ടെൻഡർ ചെയ്തു. പെരുമണ്ണ പഞ്ചായത്തിലെ പ്രവൃത്തിക്ക് 01/01/2021നു വർക്ക് ഓർഡർ കൊടുത്തു പൂർത്തീകരണ കാലാവധി 6 മാസമാണ്. |

സെക്ഷൻ ഓഫീസർ